(സി) ഈ ധനകാര്യ വർഷം ഇതുവരെ എന്തു തുകയ്ക്ക് ഗവൺമെൻറ് ഗ്യാരന്റി നിന്നിട്ടുണ്ട്?

ഉത്തരം

(എ) 5167.48 കോടി രൂപയ്ക്ക്

(ബി) 1) 1996-97 ൽ 700.34 കോടി രൂപയ്ക്ക്

2) 1997-98 ൽ 789.07 കോടി രൂപയ്ക്ക്

3) 1998-99 ൽ 2421.27 കോടി രൂപയ്ക്ക്

(സി) ഈ ധനകാര്യ വർഷം 15.2.2000 വരെ 2061.17 കോടി രൂപയ്ക്ക് ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ടുണ്ട്.

10 (320) ടൂറിസ്റ്റ് ബസ്സുകളിലെ ചരക്കു കടത്തൽ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ നിന്ന് ദിവസേന കോഴിക്കോട്ടേയ്ക്കും കേരളത്തിലെ മറ്റു നഗരങ്ങളിലേയ്ക്കും മുത്തങ്ങ ചെക്ക്പോസ്റ്റുവഴിയും കോയമ്പത്തൂർ നിന്ന് വാളയാർ ചെക്ക്പോസ്റ്റുവഴിയും കേരളത്തിലേയ്ക്ക് ദിവസേന സർവ്വീസ് നടത്തുന്ന നൂറു കണക്കിന് ടൂറിസ്റ്റ് ബസ്സുകൾ യാത്രക്കാരെ കൊണ്ടുപോകുന്നതിനേക്കാൾ ചരക്കു കടത്തുവാനാണ് ഉപയോഗിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു ലോറിയിൽ കൊള്ളുന്നതിനേക്കാൾ കൂടുതൽ സാധനങ്ങൾ ഈ ബസ്സുകളിൽ കയറ്റിവരുന്നതുമൂലം സർക്കാരിന് കിട്ടേണ്ട നികുതിയിൽ വൻതോതിൽ ചോർച്ച വരുത്തുന്ന വിവരം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂറിസ്റ്റ് ബസ്സുടമകളും ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥരും തമ്മിലുള്ള ഇടപാടുകളുടെ ഫലമായി ഈ ബസ്സുകളിലൂടെ കടത്തിക്കൊണ്ടുവരുന്ന ചരക്കുകൾ പരിശോധിക്കപ്പെടാറില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നികുതികൊടുത്തുകൊണ്ടുവരേണ്ട സാധനങ്ങളാണ് ഇപ്രകാരം കള്ളക്കടത്തു നടത്തുന്നത് എന്ന കാര്യം സർക്കാർ ഗൗരവമായി കാണുമോ;

(ഇ) ചെക്ക്പോസ്റ്റുവഴിയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും ചെക്ക്പോസ്റ്റുകളിലെ വ്യാപകമായ അഴിമതിയും കൈക്കൂലിയും തടയുന്നതിനും സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യാത്രാബസ്സുകളിൽ ചരക്കു കടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കേരളത്തിന്റെ അതിർത്തിയിലുള്ള വാളയാർ ബംഗീരാ-മഞ്ചേശ്വർ, മുത്തങ്ങ, അമരവിള, ആര്യങ്കാവ് മുതലായ മുഖ്യ ചെക്ക്പോസ്റ്റുകളിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

ടൂറിസ്റ്റ് ബസ്സുകളിൽക്കൂടി കടത്തിക്കൊണ്ടുവരുന്ന സാധനങ്ങൾ പരിശോധിക്കാറുണ്ട്. മതിയായ രേഖകൾ ഇല്ലാത്ത നികുതി വിധേയമായ സാധനങ്ങൾക്ക് നികുതിയുടെ ഇരട്ടി തുക ജാമ്യമായി ഈടാക്കി വരുന്നു.

(ഡി) വളരെ ഗൗരവമായി കണ്ടുകൊണ്ടുതന്നെ എല്ലാ ചെക്ക് പോസ്റ്റുകളിലെ ഉദ്യോഗസ്ഥൻമാർക്കും ഇന്റലിജൻസ് സ്കാഡുകളും നിർദ്ദേശം നൽകുകയും അതനുസരിച്ച് വെട്ടിപ്പ് കണ്ടു പിടിക്കപ്പെടുകയും ചെയ്തുവരുന്നു. ഇക്കാര്യം മോട്ടോർവാഹന ഡിപ്പാർട്ട്മെന്റ് അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ട്.

(ഇ) ചെക്ക്പോസ്റ്റുവഴിയുള്ള നികുതിവെട്ടിപ്പ് തടയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇന്റലിജൻസ് സ്കാഡുകൾ ചെക്ക്പോസ്റ്റുകളിൽക്കൂടി കടന്നുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും നികുതി വെട്ടിപ്പ് ബോദ്ധ്യമാകുന്ന കേസ്സുകളിൽ നികുതിവിധേയമായ സാധനത്തിന്റെ നികുതി തുകയുടെ ഇരട്ടിത്തുക ജാമ്യമായി സ്വീകരിക്കുന്നു. സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം, അമരവിള എന്നിവ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണറുടെ നിയന്ത്രണത്തിലാക്കി. വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ കൂടെക്കൂടെ ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുന്നു. ഹൈവേയിൽ സ്ഥിതിചെയ്യുന്ന ചെക്ക്പോസ്റ്റുകളിലെ വാഹനപരിശോധന സുഗമമാക്കാൻ ചരക്കുവാഹനങ്ങൾ പാർക്ക് ചെയ്ത് പരിശോധന നടത്തുന്നതിന് ചെക്ക്പോസ്റ്റുകൾക്കുവേണ്ടി സ്ഥലം അക്വയർ ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. സമാന്തര പാതകളിൽക്കൂടിയുള്ള കള്ളക്കടത്ത് തടയുന്നതിന് ബൈറൂട്ട് ചെക്ക്പോസ്റ്റുകളും സ്ഥാപിച്ചുവരുന്നു. കൂടാതെ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർ വൽക്കരിക്കുന്നതുവഴിയും നികുതി വെട്ടിപ്പ് തടയാൻ ഉദ്ദേശിക്കുന്നു. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നീരീക്ഷിക്കുന്നതിനും ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിനും കമേഴ്സ്യൽ ടാക്സ് കമ്മീഷണർ, ജോയിന്റ് കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർമാർ, ഇന്റലിജൻസ് വിഭാഗം ആഫീസർമാർ എന്നിവർ പരിശോധനകൾ തുടർച്ചയായി നടത്തിവരുന്നുണ്ട്.

11 (321) ലോട്ടറി നിരോധനം

<u>ശ്രീ. ടി.എം. ജേക്കബ്</u> :

<u>ശ്രീ. ആർ ബാലകൃഷ്ണപിള്ള</u> :

<u>ശ്രീ. ജോണി നെല്ലൂർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനസർക്കാർ നടത്തുന്ന ലോട്ടറികൾ നിരോധിക്കണമെന്ന നിലപാട് കേന്ദ്രസർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെ തീരുമാനത്തിനെതിരെ സംസ്ഥാന സർക്കാർ ഇതുവരെ എടുത്ത നടപടികൾ എന്തെല്ലാമാണ്;

(സി) കഴിഞ്ഞ പത്തുവർഷമായി ലോട്ടറി ഇനത്തിൽ സംസ്ഥാനത്തിനു ലഭിച്ചിട്ടുള്ള മിച്ചം എത്ര കോടി രൂപയാണ്;

(ഡി) ലോട്ടറി ഡിപ്പാർട്ട്മെന്റിൽ എത്ര ആളുകൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly